
# വെളിച്ചം



LITTLE KITES MAGAZINE 2019

GVHSS PATHIRIPALA



# ഉള്ളടക്കം


| Sl No | Topic | page |
|---|---|---|
| 1 | ഒരു പ്രളയം.........................കവിത | 8 |
| 2 | അവൾ | 16 |
| 3 | കവിത | 23 |
| 4 | അനുഭവക്കുറിപ്പ് | 31 |
| 5 | भूमेः कथनं | 35 |
| 6 | യാത്രാവിവരണം | 37 |
| 7 | കാഴ്ച | 54 |
| 8 | ईश्वर कहाँ है ? | 57 |
| 9 | MEMORIES….. | 67 |
| 10 | ഓർമകളിലൂടെ... | 74 |

# എഡിറ്റോറിയൽ ബോർഡ്

സ്റ്റുഡന്റ് എഡിറ്റർ :സ്നേഹ രാജേഷ് കുമാർ

അപർണ.വി

ആര്യ കണ്ണൻ

പ്രബിത ടി.പി

വിശാഖ്.വി.ബി

കവർപേജ് ഡിസൈൻ:ആദിത് ദാസ്.ടി.എച്ച്,

അൻസിൽ.പി.കെ

അമൃത.എം



# എഡിറ്റോറിയൽ

**സംഭവബഹുലമായ ഒരു അധ്യയന വർഷം നിങ്ങളുടെ മുന്നിൽ കുറച്ച് വരികളായി അവതരിപ്പിക്കുകയാണ് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ പത്തിരിപ്പാലയിലെ കൊച്ചുപട്ടങ്ങൾ .വളരെയധികം അഭിമാനത്തോടെയും നന്ദിയോടെയും ഞങ്ങളുടെ അധ്യാപകരുടേയും രക്ഷാകർതൃസമിതിയുടേയും ക്രിയാത്മകമായ പിന്തുണയെ സ്മരിക്കുന്നു. മുന്നോട്ടുള്ള യാത്രയിൽ ഞങ്ങളോടൊത്തുണ്ടാവുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്**

**സ്നേഹരാജേഷ് കുമാർ**
**എഡിറ്റർ**

# സന്ദേശം

വളരെ തിരക്കു പിടിച്ചതും ആവേശകരവുമായ ഒരു അധ്യയനവർഷത്തിൽ നമ്മുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ മാഗസിൻ അവരുടെ കഠിനാധ്വാനത്തിൻെറയുംനേട്ടങ്ങളുടെയും പ്രതിഫലനമാണ് .അനുദിനം വളർന്നുകൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യയിൽനിപുണരാകാനും ആ മേഖലയിലെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് ജീവിത ലക്ഷ്യങ്ങൾ നേടാനും പ്രാപ്തരാവട്ടെ എന്നാശംസിക്കുന്നു.



ഈ മാഗസിൻ അവരുടെ പ്രയത്നങ്ങൾ തുടരുവാനും ജീവിതത്തിൽ ഉയർന്ന നേട്ടങ്ങളുണ്ടാക്കാനും അവർക്ക് പ്രചോദനമാകട്ടെ......ആശംസകളോടെ

പ്രധാന അദ്ധ്യാപിക

രജിനി കെ കെ



# സന്ദേശം

മണ്ണൂരിന്റെ ഹൃദയ ഭാഗത്തുള്ള പത്തിരിപ്പാല ഹൈസ്കൂളിൽ Little Kites ന്റെ unit തുടങ്ങിയത് എല്ലാവർക്കും വളരെ സന്തോഷമുള്ളതാണ്,അനുദിനം ആ യൂണിറ്റ് വളർന്നു കൊണ്ടിരിക്കുന്നു.അതിന്റെ പ്രവർത്തനത്തിനായി പ്രവർത്തിക്കുന്ന അധ്യാപകർക്കും കുട്ടികൾക്കും എല്ലാവിധ ആശംസകളും നേരുന്നു.





GEETHA M (DEPUTY HEADMISTRESS)

# എന്റെ കുട്ടിപ്പട്ടം......

എനിക്ക് കുറെയേറെ അനുഭവങ്ങൾ പകർന്നു തന്ന എന്റെ കുട്ടിപ്പട്ടം..... എന്നെ കുറെ ചിന്തിപ്പിക്കുകയും അതിലൂടെ പഠിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു ഞങ്ങളെ ഉന്നതിയിലേക്ക് കൈ പിടിച്ചുയർത്തിയ കുട്ടിപ്പട്ടം.....

ലോകം മൊത്തം ഒരു വിരൽ തുമ്പിൽ കാണിക്കുകയും, ലോകത്തിന് ഞങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു ഞങ്ങളുടെ കുട്ടിപ്പട്ടം..അതിന് കൈത്താങ്ങായ ഞങ്ങളുടെ പ്രിയ അധ്യാപകരും....

**ആയിഷ ഫിദ , നീതു**

വെളിച്ചം

## ഒരു പ്രളയം

ഇപ്പോൾ
ഒറ്റക്കിരിക്കാനാണെനിക്കേറെയിഷ്ടം
എന്നിലെ എന്നെ തഴുകിയെന്നെ-
യാശ്വസിപ്പിച്ചിരുന്നവർ, ഞാനറിയാതെ
എന്നെയറിയാതെ വിട്ടകന്നുപോയി.
ഓർമ്മയുടെ കയത്തിൽനിന്നും
മറവിയുടെ മാറാപ്പു ചുമക്കാ
നെഞ്ചു ചെയ്യുണന്നറിയാതെ
അലഞ്ഞലിഞ്ഞില്ലാതാകവേ,
നിദ്രയുടെ ലാളനയും വിട്ടകന്നു പോയി
അവസാനമെന്നെയറിഞ്ഞയെന്നിലെ
നിഴൽ മാത്രമൊപ്പമുണ്ടെന്നറിയവേ-
യതിനവകാശമോതി പിറുപിറുത്തു
വെളിച്ചമെന്നെവിടാതെ പിൻ തുടർന്നു.



എടുക്കുക വെളിച്ചമേ നീ.....
എന്നിലെ ഈ കൊച്ചുനിഴലിനെയും എടുക്കുക നീ...
ഒറ്റക്കിരുന്നു കൊള്ളാം..... ഞാനിവിടെ
അതാണെനിക്കേറെയിഷ്ടം.

ബിന്ദു മണത്തൊടിയിൽ
മലയാളം അധ്യാപിക

# ഇരുട്ട്

അടുക്കളയിൽ പുകഞ്ഞു നീറുന്ന
അമ്മയിലുമുണ്ടൊരിരുട്ട്
ഇരുട്ട്, ഇരുട്ടിനെ എനിക്കറിയില്ല
ഇരുട്ടിനെ ഞാൻ കണ്ടിട്ടുമില്ല
പക്ഷെ, എൻെറ ജീവിതത്തിൽ
ഇരുട്ടിൻെറ മുറിവുകൾ മാത്രം

കാർത്തിക
9.A

വെളിച്ചം



ജി വി എച്ച് എസ് എസ് പത്തിരിപ്പാല 10

# കിണർ

**കുഴിച്ച് കുഴിച്ച് പാറ**

**കണ്ടു,**

**സ്നേഹത്തിന്റെ പാറ.**

**പാറ പൊട്ടിച്ചപ്പോൾ,**

**ഒരുപാട് പേരുടെ കണ്ണീർ**

# മധു

അവൻെറ വിശന്നവയറിനും
കരിഞ്ഞ മനസ്സിനും
തളർന്ന മുഖത്തിനും
മരണത്തിൻെറ
മണമുണ്ടായിരുന്നു

**സരയൂ.കെ.പി (9 A)**



**ഓരോ പുലരിയും പുതിയ പ്രതീക്ഷകൾ നൽകുന്നു....വെളിച്ചം എന്ന പ്രപഞ്ച സത്യം നൽകുന്ന ഊർജ്ജം.................ഇരുളിന്റെ പാഥേയം താണ്ടിത്തളരുമ്പോൾ............. നൻമയുടെ പാതയിലേക്കുള്ള ഊന്നുവടിയായി അതെന്നിൽ നിറയുന്നു.....**

വെളിച്ചം



# മൗനം

മിണ്ടാതിരുന്നാൽ മൗനം,
ക്ലാസിൽ ചോദ്യം ചോദിച്ചാൽ
പതറുന്നതും മൗനം,
എങ്കിലും, ഞാനിപ്പോഴാ
മൗനത്തെക്കുറിച്ചറിയുന്നത്
ആ മുറിവുണ്ടായപ്പോൾ.

# മരണം

**എനിക്കു പിന്നിൽ ഞാൻ നനയിച്ച**
**കണ്ണുകളിലെ കണ്ണുനീരിനെ**
**തുടച്ചു മാറ്റണം,ഒരു പക്ഷെ**
**ആ കണ്ണുകൾ എന്നെ**
**കാത്തുനിൽക്കുന്നുണ്ടാവാം.**

**കാർത്തിക ടി ജി**


IX.J

# <u>അവൾ</u>

പെണ്ണായിരുന്നിട്ടും
പ്രതികരിക്കാതിരുന്നില്ല
ഉള്ളിലൊതുക്കിയ ആഗ്രഹത്തെ
വിണ്ണിലാക്കി അവൾ
പാറി നടന്നു.
കൊതിയായിരുന്നു
പാറിനടക്കാൻ
താളുകളിൽ പൂ നിരത്താൻ
വാക്കുകൾ രുചിച്ചിറക്കാൻ
പക്ഷേ,
തലയും തുളച്ചു പോയ
വെടിയുണ്ടകൾ വിളിച്ചു
പറയുന്നുണ്ടായിരുന്നു

വിപ്ലവം,
വിലക്കുകളില്ലാത്ത,
മതിലുകളില്ലാത്ത,
അപ്പോഴും അക്ഷരങ്ങൾ
അണിചേരുന്നുണ്ടായിരുന്നു
അവൾക്കൊപ്പം.

സരിഗ



# HOPE

I hope that I should be
an angel in a garden .
I hope that I should be
a leaf in a big tree
I hope that I should be
the best in this world
But all will fade away...
at end of the hope.

It all seems good
but not to cut wood
It all seems best
but not at best
If all seems to hope
but it is a flop.

Hopes are the waste dreams
But all are big streams
But if we try hard
It all becomes real
Because it's called life

If all the stars with  moon
and all the flowers in plants
and all the humans in world
chases the hope ,then what
is, what is the life

A dream indeed a dream
indeed a hope of light
A man indeed a man
indeed a hope of success

A bud indeed a bud
indeed a hope of blossom
A man indeed a man
indeed a hope of heaven

Then a life indeed a life
indeed a hope to you

ANUSREE
൯ TH - G

വെളിച്ചം



# WOOLLY MAMMOTH

**T**he woolly mammoth is an extinct species of mammoth that lived during the Pestilence until its extinction in the early Holoceneepoch. Its closest to extant relative of the Asian elephant.

The appearance and behaviour of this species are among the best studied of any prehistoric animal. The discovery of frozen carcasses in Siberia and Alaska, as well as skeletons, teeth, stomach contents, dung and depiction from life in prehistoric cave paintings. Its remains had long been known in Asia before they became known to Europeans in the 17th century.


The mammoth was identified as an extinct species of elephant by Georges Cuvier in 1796. Mammonteus primigenius Osborn in 1924. The woolly mammoth was same size as modern African elephants. The mammoth was adapted to the cold environment during the last ice age. It was curved in fur with an outer covering of long guard hairs and a shorter undercoat. The colour of coat varied from dark and light. The mammoth individuals could probably reach the age of 60. The woolly mammoth coexisted with early humans, who used its bones and tusks for making art, tools and dwellings and the species was also hunted for food. Its mainland range at the end of the pestilence 10,000 years ago. Most of through the climate change and hunting by humans.

Arya kannan ൧¡

# കവിത

മഴയുടെ താളത്തിനൊത്ത്
തുള്ളാൻ പോയപ്പോഴാണ്
അവൾ
കണക്കുബുക്കിലേക്ക്
ഒലിച്ചിറങ്ങിയത്.
ഹരിച്ചു തോറ്റപ്പോഴും
ജയിച്ചു നിന്നതും
മത്സരവേദിക്കപ്പുറം
മിഴിച്ചു നിന്നതും
അവളായിരുന്നു
എങ്കിലും, എന്തോ
പറയാനെന്ന മട്ടിൽ
അവൾ,
ആർക്കോ വേണ്ടി
നിലവിളിക്കുന്നുണ്ടായിരുന്നു.

സരിഗ


Aliya.k.s

## കണ്ണുനീർ

കൺപീലിയിൽ നൊന്തുപെറ്റൊരമ്മയായി
തുളച്ചുനീറുന്ന എൻ കണ്ണീരുകൾ
വീണ്ടും ഒറ്റവാക്കതിൽ തടഞ്ഞു
വെട്ടിയൊഴുകുമാ ചാലിൽ പൊട്ടുപോലതാ
ബാക്കി എൻ കണ്ണുനീർ..
കൺമഷി മായ്ച്ച്
കൺനിറഞ്ഞിതാ വെള്ള-
മീൻ കണ്ണുപോൽ തിളങ്ങിയ
പച്ചജീവനെതൊടുന്ന
ചോരയൂറ്റിയ ദു:ഖത്തിൽ
വേദനയാണീ കണ്ണുനീർ

വെള്ളച്ചായമല്ല നിന്നിൽ
പച്ചയായിതാ തരുന്നു
വെന്തുരുകുമീ കൺപീലികൾ
കണ്ണടച്ചതും പൊടുന്നനെന്തിന്നായിതാ
തുളച്ചു താഴെ വീഴുന്നു നീയിതാ...

വെളിച്ചം

# വെള്ളമനസ്സതിൽ പിടിച്ച
# കറുത്തകണ്ണനീർ പൊട്ടുന്നനെ
# ചോരയായ് തീരുമോ
# കണ്ണിലെ കനലതിൽ വെന്തു
# വെള്ളയായതാ ചോരനീരു
# വാർന്നൊഴുകും ചുടുകണ്ണനീർ...

അനുശ്രീ




Amal -P.S IX-J



# CAN YOU GUESS?

*1. Green plants are also called ?*

*A. Autotrophs*

*2. Who invented barometer ?*

*A. Toricelli*

*3. Heart is enclosed by ?*

*A. Pericardium*

*4. Germinating seeds can respire ?*

*A. Anabolically*

*5. Amoeba respire through their ?*

*A. Cell membrane*

*6. Maximum volume of air in lungs during deep breathe is ?*

*A. 6L*

*7. Air enter the plants through ?*

*A. Lenticels*

*8. Heat is measured in ?*

*A. Calories*

**Nandhana Unni K V**

IX - G

# ജീവചരിത്രക്കുറിപ്പ്

## വൈക്കം മുഹമ്മദ് ബഷീർ

ചുട്ടുപൊള്ളുന്ന ജീവിതത്തിലൂടെ കടന്നുപോയ വ്യക്തിയാണ് ബഷീർ .ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്നു. കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിൽ ജനനം. അച്ഛൻെറ പേര് കായി അബ്ദുറഹ്മാ്നെന്നും അമ്മയുടെ പേര് കുഞ്ഞാച്ചുമ്മ എന്നുമാണ്. ചെറുപ്പക്കാലത്ത് ഇന്ത്യ മുഴുവൻ സഞ്ചരിച്ചു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിൻെറ ഫലമായി ജയിലുകളിൽ കിടന്നു. ജീവിതത്തിൻെറ നേർക്കാഴ്ച്കളെ കഥകളിൽ അതിമനോഹരമായി ചിത്രീകരിച്ചു.നോവലുകൾ-മതിലുകൾ ശബ്ദ്ങ്ങൾ,ബാല്യകാലസഖി,പാത്തുമ്മയുടെ ആട്,ആനവാലും പൊൻകുരിശും**സമാഹാരങ്ങൾ-വിശപ്പ്,ജൻമദിനം,കഥാബീജം എന്നിവ രചിച്ചിട്ടുണ്ട്.**



# കലോത്സവ നഗരി നടുവിൽ ഞാൻ

സംസ്ഥാന കലോത്സവത്തിനായി ഞങ്ങൾ ആലപ്പുഴയിലേക്ക് തിരിച്ചു.പോകുന്ന വഴി അമ്മ ആരെയൊക്കെയോ ഫോൺ ചെയ്യുന്നുണ്ടായിരുന്നു.എന്റെ മൂന്നു മത്സരങ്ങളും മൂന്നു വേദികളിലായി നടക്കുകയാണ്.അത് എങ്ങിനെ നടത്തുമെന്ന് അറിയാതെയും പരിചയമില്ലാത്ത സ്ഥലമായതുകൊണ്ടും മനസ്സിൽ ആശങ്കയുണ്ടായിരുന്നു. ആലപ്പുഴയിലിറങ്ങിയതും കലോത്സവത്തിന്റ ബസ് കണ്ടു .ഞങ്ങൾ പ്രോഗ്രാം കമ്മിറ്റി ഓഫീസിൽ  എത്തി ഞങ്ങളുടെ വിഷമം അറിയിച്ചു.ക്ലസ്റ്റർ മാറ്റി സമയം ക്രമീകരിച്ച തന്നപ്പോൾ അൽപ്പം ആശ്വാസമായി എന്നാലും മൂന്നുവേദികളിലേക്ക് എങ്ങനെ എത്തുമെന്ന് അപ്പോഴും സംശയമുണ്ടായിരുന്നു.ആ സമയത്താണ് ദൈവദൂതനെപ്പോലെ രാഗേഷേട്ടന്റെ ഫോൺ വന്നത്.അച്ഛൻെറ ഓഫീസിലെ ഒരാളുടെ ബന്ധുവാണ് അദ്ദേഹം.ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത അദ്ദേഹം ഞങ്ങളെ വേദിയിലെത്തിക്കാമെന്ന് പറഞ്ഞപ്പോൾ ഞങ്ങൾക്ക് സമാധാനമായി.രാവിലെ ഏഴ് മണിക്ക് ഞങ്ങളുടെ ഓട്ടം ആരംഭിച്ചു. ഓട്ടൻ തുള്ളൽ വേദി പന്ത്രണ്ട്

*കിലോമീറ്റർ ദൂരെയാണ്.അവിടെ 9 മണിക്ക് തുടങ്ങേണ്ട മത്സരം 10 മണിക്ക് ശേഷമാണ് തുടങ്ങിയത് . ആദ്യത്തെ ലോട്ടെടുത്ത് മത്സരമവസാനിച്ചപ്പോൾ ജിജേഷ് സാറിന്റെ ഫോൺ വന്നു. സംസ്കൃതപദ്യത്തിന്റെ വേദിയിൽ മത്സരം കഴിഞ്ഞത്രെ. മുഖത്തെ മേയ്ക്കപ്പഴിക്കാതെ കാറിൽ വേദിയിലെത്തിയപ്പോഴേക്കും പാലക്കാട് ഡി. ഡി. ഇയും മറ്റുള്ളവരും കാത്തുനിൽക്കുകയായിരുന്നു, വേഗം തന്നെ പദ്യം നന്നായി അവതരിപ്പിച്ചു. അവിടുന്ന് കഥകളി വേദിയിലേക്ക്..... ഞാനെന്തോ കഴിച്ചെന്ന് വരുത്തി. ചുട്ടി കുത്താൻ കിടന്നു. ഇനി ഒരു ആശ്വാസം ഇത് മാത്രമല്ലേ ഉള്ളൂ. അപ്പോഴാണ് കഥകളി വേദിയിൽ നിന്നും ജിജേഷ് സാറിന്റെ ഫോൺ . അമ്മ ഉടനെ ഓടിപ്പോകുന്നത് കണ്ടു. തുടരെ തുടരെ ഫോൺ വന്നുകൊണ്ടേയിരുന്നു. അമ്മ എന്തുചെയ്യുന്നോ എന്തോ? ഞാൻ ചുട്ടി കഴിഞ്ഞ് എഴുന്നേറ്റതും ഏട്ടൻ എന്നെ വിളിച്ചു കൊണ്ട് പോയി. പകുതി വേഷം കെട്ടിയ ഞാൻ . കാറിൽ കയറി കുറച്ച് കഴിഞ്ഞപ്പോൾ അവിടെ എത്തി. പിന്നെ എല്ലാം പെട്ടെന്നായിരുന്നു. വേഷം കെട്ടൽ 'ശഠേ' ന്ന് കഴിഞ്ഞപ്പോൾ പാവം എന്റെ ഏട്ടൻ എവിടെയോ പോയി എനിക്ക് വേണ്ടി എനർജി ഡ്രിങ്ക് വാങ്ങി തന്നു. എന്നിട്ട്*

*വേദിയിലേക്ക് കയറി എന്റെ എല്ലാ എനർജിയും എടുത്ത് ഞാൻ കളിച്ച തീർത്തു. ആ സമയത്ത് രാഗേഷ് ഏട്ടന് ഒരു അത്യാവശ്യം വന്നപ്പോൾ പോയി. ഞങ്ങൾ പിന്നെ മീഡിയ റൂമിലേക്ക് ഓടി . അത് എവിടെയോ ആയിരുന്നു . ഒരു ഓട്ടോ പിടിച്ച് പോയി. മീഡിയയോട് പറഞ്ഞ് നിന്നപ്പോഴാണ് ഞങ്ങൾ ഒന്നും കഴിച്ചിട്ടില്ല എന്നോർത്തത്. ഉച്ചയും വൈകുന്നേരവും പോയതേ അറിഞ്ഞില്ല. എന്നിട്ട് ഞങ്ങൾ ഭക്ഷണം കഴിച്ച് കൂടെ വന്ന ചേച്ചിമാരുടെ കഥകളിയും കണ്ട് റൂമിൽ പോയി സുഖമായി ഉറങ്ങി.*

*ഇനി ഇതുപോലെ ഒരു കുട്ടിയും കഷ്ടപ്പെടരുതെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.....*


ഓടിക്കിതച്ചെങ്കിലും
ധനഞ്ജയിന്റെ മടക്കം മൂന്ന് എ ഗ്രേഡുമായി
...തങ്ങളിൽ
...കലോത്സവക്കാഴ്ചകൾ

*ധനഞ്ജയ് കൃഷ്ണൻ....9H*

# MY HOPE

Like the stars in the sky,
my hope is glowing.

Like the water in the ocean
my hope has no end.

Like the leaves of trees
my hope is shaking.

Like the dry flower,
my hope has fallen down.

My life is rolled up and down
as the process continues

FathimaRazan

# भूमेः कथनं

स्वच्छसुन्दर भूतले
स्वस्थजीवितपालनाय ||
सुष्ठुकर्मं करणीयं
मानवाः! त्वं महीतले ||

हरितास्तरणेन संस्थितम्
मामधुना त्वया पीडितम् |
सतालमागच्छन् ऋतवःपूर्वम्
अधुना तु हा! ताण्डवात्मकम् ||

जीवितवीथ्यां सौख्याय भो!
न मां निमज्जतु मालिन्यैः |
सौधैः अलङ्कृतिकरणाय मे
तरवः छिन्दन्ति सरितः शोषयति ||

मामुपरि पलास्तिकान् क्षिपन्तिश्च
नाशयति जीविनाम् वासस्थलान् |

लोभैः विलसिताः नराः स्मरन्तु
नाहम् सर्वंसहा अभवम् सर्वदा ||

घोररूपेण त्वाम् पुरतः आगमिष्यामि
संतरणाय स्वसुस्थितये च |
आगामिनः सुजिवनाय च
*पालय पालय माम् सदा ||*

*Praseeda*
Sanskrit Teacher




# മഞ്ഞിൻെറ നാട്ടിലേക്ക്

**ഏവരുടെയും മനസ്സിൽ ആനന്ദത്തിൻെറ കുളിർ കോരി നിറയ്ക്കുന്നതാണ് ഓരോ വിനോദയാത്രയും . അത്തരത്തിൽ ഞങ്ങൾ പോയത് വളരെയധികം തണുപ്പുള്ള കൊടൈക്കനാലിലേക്കാണ്. തമിഴ്‌നാട് സംസ്ഥാനത്തിൽ ഡിണ്ടിക്കൽ ജില്ലയിലെ ലോക പ്രസിദ്ധമായ മലയോരവിനോദകേന്ദ്രമാണ് കൊടൈക്കനാൽ. 2019 ജനുവരി 10 വ്യാഴാഴ്ച രാത്രി**

**പത്ത് മണിക്ക് പുറപ്പെട്ട് പുലർച്ചെ നാലു മണിക്കാണ് അവിടെ എത്തിയത് . പേരിനെ അന്വർത്ഥമാക്കുന്ന കോട മഞ്ഞായിരുന്നു അനുഭവപ്പെട്ടത് . പ്രഭാതഭക്ഷണത്തിനുശേഷം വീണ്ടും ഞങ്ങൾ കൊടൈക്കനാലിൻെറ ആ വശ്യമായ പ്രകൃതിരമണീയത ആവോളം ആസ്വദിക്കാനുള്ള യാത്ര തുടങ്ങി. മേയർ പോയൻറ് അവിടെ കാണുന്ന സൂയിസൈസ് പോയൻറുകളിൽ ഒന്നാണ് . കമലഹാസൻെറ ഗുണ എന്ന സിനിമാ ഷൂട്ടിങ്ങിലൂടെ ആ പേര് കരസ്ഥമാക്കിയ ഗുണ ഏവരുടേയും മനം കുളിർപ്പിക്കുന്നു. പ്രകൃതി മനോഹരവും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതുമായ അവിടുത്തെ പ്രധാന കാഴ്ച സ്ഥലമാണ് ഗ്രീൻവാലി സൂയിസൈഡ് പോയൻറ്. കാഴ്ചയുടെ മധുരത്തോടൊപ്പം ഹോം മെയ്ഡ് ചോക്ലേറ്റിൻെറ മാധുര്യവും അവിടുന്ന് നുകരാൻ സാധിച്ചു. പിന്നെ അവിടെ എടുത്തു പറയേണ്ടുന്ന ഒന്നാണ് റോക്ക്പില്ലർ സുന്ദരരൂപിണിയായ പ്രകൃതിയുടെ വശ്യഭംഗി എന്താണെന്ന് പറയേണ്ടതില്ല അത്രയും രസകരമായ കാഴ്ചയായിരുന്നു. പിന്നെഞങ്ങൾ എത്തിയത് പൈൻ ഫോറസ്റ്റിലായിരുന്നു. പൈൻമരങ്ങൾക്കിടയിലൂടെ ആ തണുപ്പ് ആസ്വദിച്ച് നടക്കുമ്പോൾ എന്തെന്നറിയാത്ത**

**ഒരു മാനസികസംതൃപ്തി കൈവന്നു .**

**ഉച്ചഭക്ഷണത്തിനുശേഷം ഞങ്ങൾ എത്തിയത് ലേക്കിലേക്കാണ്. നേർച്ചയായതണുപ്പ് തുടങ്ങിയിരിക്കുന്നു. അവിടെ സൈക്കിൾ റെയ്സ്, ഗോൾഡ്സ് എന്നിവ ഉണ്ടായിരുന്നു.60 കിലോമീറ്ററിലധികം നീണ്ടു കിടക്കുന്ന ആ തടാകത്തിലൂടെ ഓരോ നിമിഷത്തിലേയും തണുപ്പിൻെറ ഏറ്റക്കുറച്ചിലുകൾ അനുഭവിച്ച് ഇഷ്ടമുള്ള സാധനങ്ങൾ കൂട്ടുകാർക്ക് വാങ്ങിയും, സ്വയം കഴിച്ചും വൈകുന്നേരം 7 മണിയായത് ഞങ്ങൾ അറിഞ്ഞതേയില്ല . തണുപ്പിൻെറ സൗന്ദര്യം എന്താണെന്നും അത്തരം കാലാവസ്ഥയിൽ പൊരുത്തപ്പെട്ട് ജീവിക്കുന്നത് എങ്ങനെയെന്നും തിരിച്ചറിയാൻ ഈ യാത്ര സഹായകമായി.**



**-സിന്ധു പി. കെ**
**മലയാളം**
**അധ്യാപിക**

# കോടക്കിടയിലെ ചില




# രസികൻ കാഴ്ചകൾ





# Poem

I am ......

I am a bold lady
that doesn't mean
i don't cry or smile.

i am a lady of truth
that doesn't mean
i don't lie or hide.

i don't have wings
that doesn't mean
i can't fly.

My eyes have fire
that doesn't mean
i am angry or not.

I am a lady
only follows the light
at the edge of a cliff
i catch the light
i was searching for.

I am a beautiful lady
that doesn't mean
i am pretty or ugly.

i am living for my dreams
that doesn't mean
i can't fulfil others.

still i am thirsty
i quench my thirst by
searching shadows.

I dont believe shadow
is a dark part
because i know that,
where there is shadow
there will be a light.

I like to be different
that doesn't mean
i am perfect.

- Sneha rajesh kumar

# HEALTH

obesity ratio among children in india are on the rise, with nearly half of india's adolescent population overweight and at a higher risk of getting various diseases including diabetes. Proper nutrition is essential for growth and development. Your diet should include fruits vegetables, whole grains legumes, dairy products, eggs, lean meat and nuts. There are certain foods that




are best avoided.Junk food refers to high- on-calorie and low-on-nutritient food items. Examples deep fried foods, junk food etc..



where it may be difficult to completely exclude these from your diet, try substituting them with healthy choices. Eat home made  foods try to include more fruits and vegetables.

## Importance of co- curricular activities



-3-

I have often wondered how different school would be without any co- curricular activities. No computer club, no arts and craft, no dance and theatre group, no school choir and no games! It would be only studies all day long.

Education is important. It provides us with knowledge that makes us logical thinking individuals or moulds us in the right direction. However, education should should not mean only studies. It should include co- curricular activities as well, because they give us integrity and character. They enhance in us what we already have but never discovered. They make us see s new side of ourselves. They help us expand our horizons and channelize

our creativity. They help us become complete human beings by helping us realise our true potential.' without the fun and games of extra- curricular activities we would become dull. If you're yet to engage yourself in a co- curricular activity, now is the time. Learn something new, something else apart from what textbooks teach you. Go out there and act, sing, dance, play or do whatever makes you happy.

# ആസ്വാദന കുറിപ്പ്

## കവിത:പടയാളികൾ

കവി:വൈലോപ്പിള്ളി ശ്രീധരമേനോൻ

***വൈലോപ്പിള്ളി ശ്രീധരമേനോൻെറ " കന്നിക്കൊയ്ത്ത്" എന്ന കാവ്യസമാഹാരത്തിലെ " പടയാളികൾ " എന്ന കവിത ഏറെ ശ്രദ്ധേയമാണ്. കർഷകതൊഴിലാളികളുടെ മണ്ണിനോടുള്ള ആത്മാർത്ഥ സ്നേഹവും തളരാത്ത മനസ്സുമായി മണ്ണിനോട് മല്ലടിക്കുന്ന വേട്ടുവ ദമ്പതികളുടെ കർമ്മനിരതമായ ജീവിതവും പുരുഷൻെറ ശക്തിയാണ് സ്ത്രീ എന്ന തിരിച്ചറിവും അധ്വാനത്തിൻെറ മഹത്വവും ഔചിത്യഭംഗിയോടെ വർണ്ണാത്മകമായി കവി "പടയാളികൾ " എന്ന കവിതയിൽ ചിത്രീകരിച്ചിരിക്കുന്നു .***

അധഃകൃത കർഷക തൊഴിലാളികളായ വേട്ടുവ ദമ്പതികൾ പ്രകൃതിപ്രതിഭാസങ്ങളെ അതിജീവിച്ച് മണ്ണോട് മല്ലടിക്കുന്നവരായതുകൊണ്ട് തന്നെയാണ് കവി അവരെ പടയാളികളായി ചിത്രീകരിച്ചിരിക്കുന്നത് .ഭാഷാ പ്രയോഗം കൊണ്ടും ഔചിത്യ ഭംഗി കൊണ്ടും ആശയവ്യക്തതകൊണ്ടും താളാത്മകതകൊണ്ടും ഏതൊരു വായനക്കാരനേയും ആസ്വാദനത്തിൻെറ അത്യുന്നതങ്ങളിൽ എത്തിക്കാൻ കവി ഈ കവിതയിലൂടെ പരമാവധി ശ്രമിച്ചിട്ടുണ്ടെന്ന് പറയാം .

# പുഴയെ അറിയാൻ

ഞാനും എന്റെ കൂട്ടുകാരും അടങ്ങുന്ന ഒരു ചെറിയ സംഘം ജൂലൈ മാസത്തിലാണ് പുഴ സന്ദർശിക്കാൻ പോയത്. ഞങ്ങളുടെ സ്കൂളിനടുത്തുള്ള അതിർക്കാട് പുഴയിലേക്കാണ് ഞങ്ങൾ പോയത്... .പുഴയുടെ തീരത്ത് മുളത്തൈകൾ വച്ചുപിടിപ്പിച്ചു .

ബിന്ദു ടീച്ചറും കവിത ടീച്ചറുംകൂടെയുണ്ടായിരുന്നു. തടയണ കെട്ടിയ ഭാഗത്തുള്ള ചെറിയ വെള്ളച്ചാട്ടം കാണാൻ നല്ല ഭംഗിയുണ്ടായിരുന്നു .കുറച്ചു സമയം ഞങ്ങൾ അവിടെ ചിലവഴിച്ചു . കുറച്ചുപേർ പാറയുടെ മുകളിലിരുന്ന് മീൻ

പിടിക്കുന്നുണ്ടായിരുന്നു. ഐസ് ക്രീം കഴിച്ചതിനുശേഷം ഞങ്ങൾ സ്കൂളിലേക്ക് മടങ്ങി.

പ്രജിത്ത് & സൂരജ്



# ശാസ്ത്രം നമ്മുടെ വഴികാട്ടി.

**ശാസ്ത്രമെന്നത് കാണാപാഠം പഠിക്കാനുള്ള ഏതാനും വസ്തുതകളല്ല. അതൊരു അനന്ത ലോകമാണ്. എത്ര വലിയ ആളുകൾ പറഞ്ഞാലും നിരീക്ഷണങ്ങൾക്കും പരീക്ഷണങ്ങൾക്കും വിധേയമാക്കി ശരിയെന്ന്കണ്ടേ ശാസ്ത്രലോകം അത് അംഗീകരിക്കൂ. തെറ്റുകൾ കണ്ടാൽ തിരുത്തുക എന്നതുംശാസ്ത്രത്തിൻെറ രീതിയാണ്.**

**ശാസ്ത്രത്തിൻെറ പാതകൾ......**

- **ഭാരം കൂടിയ റോക്കറ്റ് - ജിസാറ്റ് 11 – ഇന്ത്യ വിക്ഷേപിച്ചു.**
- **മനുഷ്യ ശരീരത്തിലെ പുതിയ അവയവം - മെസൻറ്ററി.**
- **പൂണെയിൽ ഗതാഗത റോബോട്ട്- റോടിയോ.**

# ബഹിരാകാശത്ത് ദൂരെ കാണുന്ന വസ്തു-ഫറൗട്ട്




# ഭൂമിക്കുപരി മനുഷ്യൻ.....



**2018, മനുഷ്യനും അനന്തവിഹായസ്സും തമ്മിലുള്ള ദൂരം കുറച്ചു.**

**പുതിയ ഗ്രഹം-പിങ്കി**



# കാഴ്ച

ഈ നിറക്കൂട്ടിൽ
മിഴിയിണ പതിച്ചപ്പോൾ
അറിഞ്ഞത് , ഇത് അന്ധൻെറ ലോകമല്ല
വെളിച്ചം പകരുന്ന നയനങ്ങളുടേതോ?
അതുമല്ല,
കാണുന്ന കാഴ്ചകൾക്കപ്പുറം
തെളിഞ്ഞുണർന്ന കാപട്യലോകം
ഇനിയും,
മുന്നിലെ അത്ഭുതങ്ങൾ
പിന്നിലെ നിഗൂഢതകൾ
വിസ്മയം തീർത്തൊരീയകക്കണ്ണിൻെറ കാഴ്ച
പോരാ....
മങ്ങും മിഴികൾക്ക് ചന്തം പകരുന്ന
കണ്ണടകൾ ;എന്നോട്ട പറഞ്ഞതും
മിന്നുന്നതെല്ലാം പൊന്നല്ലയെന്ന്
ഇരുട്ടറകളിൽ വിജനവീഥികളിൽ
വഴിവിളക്കിൻ വെളിച്ചം തേടിയ

എന്നെ നോക്കി തെരുപട്ടി കുരച്ചുചാടി
ഈ കപടലോകത്തിൽ നീയെന്നോടൊപ്പം
ചേരുക....
അധികാരചിഹ്നങ്ങൾ മുറവിളി കൂട്ടിയപ്പോൾ

***മുന്നിലെ വഴികളിൽ തപ്പിത്തിരഞ്ഞു നടന്നു ഞാൻ***
***അപ്പോൾ കേട്ടത് ഒരശരീരിപോലെ***

"എല്ലാം കണ്ടില്ലെന്നു നടിക്കേണം
എല്ലാം കണ്ടില്ലെന്നു നടിക്കേണം ."

ആയിഷ .കെ .പി

***മലയാളം***
***അധ്യാപിക***

# *Let's work together to bring kerala back*

***kerala is one of the beautiful places in the world. It 's a small world filled with green, precious spices, lots and lots of rivers and terrain. Kerala is the place of hornhill, elephants, golden shower,lotus, onam,vishu... another word for beauty.it is small; but there are lots of things to say. Kerala: foreigner's 'Gods on country ; malayalam: one of the sweetest languages with alot of heritage. Many many things like that.***

***Foreigners refer to kerala as Gods own country .but some months ago God just left he state behind . Water flooded in almost all the parts of kerala. Disasters are something that we cant predict.Natural disasters are the after effect of man's activities . Now the state is facing the after effect of our thoughtlessness,materialism.Development should be nature friendly..***

***We have to rebuild kerala from bottom once again. It is hard to imagine what had happened to kerala, loss of lives ,property,livelyhood every thing appears as a nightmare.landsliding happend at many places more than 500 dead, thousands became shelter less. Thousands were living in disaster relief camps for weeks .it just seemed like water just wiping out kerala.***

***We want to rebuild kerala without disturbing biodiversity. Many people donated essentials including huge amount of money to chiefminister's disater relief fund. But that is not enough to make kerala, the old vibrantkerala, the traditional yet modern. We need to study how can we rebuild.It is a challenge to Keralite's consciousness.Forgetting self ,petty interests let us rise to the occasion. Let us also not forget that without nature we can't exist. Let us ensure development is not excluding nature***

**vismaya 9I**

# ईश्वर कहाँ है ?

***मानव तू कहाँ गया***

कहा जाता है तू ईश्वर का स्वरूप है

लेकिन देखो तू क्या करता है?

अपने सहजीवियों से तुम्हें प्यार है?

है तो, तुम इस प्रकार क्यों करते हो ?

अपने भाई बहन जब प्यास से तडपते हैं

आपस में धर्म के नाम पर झगडा करते हैं

दूसरों के खून के लिए तडपते हैं ।

तू अपनी हवेली में दूसरों को देखे बिना रहना चाहता है?

जाओ शहर के कोने कोने में बेसहारे लोग है,

उनकी सहायता करो ईश्वर का काम करो ।

मानव को ही इतने बडे हाथ दिये है

तुम्हारे अंदर ही ईश्वर है,

तू ही ईश्वर है तेरा नाम मानव है ।

***- सीमा टी के***

# പരിസ്ഥിതി സംരക്ഷിക്കാം.......





# State Investigative Project Winners
# Anjana P G&Raniya V R





# StateSocial Science Fair..Atlas making A GradeWinner.. Arun..

## *മലയാളത്തിളക്കം- 2018 ജി വി എച്ച് എസ് എസ് പത്തിരിപ്പാല*

29|10|18 രാവിലെ പത്ത് മണിക്ക് മലയാളത്തിളക്കം പരിപാടി BRC യിലെ ERCC മാരായ സിമി ടീച്ചർ, കനകവല്ലി ടീച്ചർ തുടങ്ങിയവരുടെ നേതൃത്വത്തിൽ പത്തിരിപ്പാല സ്കൂളിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം PTA പ്രസിഡൻറ് ശ്രീ. സുരേഷ് അവർകൾ നിർവഹിച്ചു. തദവസരത്തിൽ PTA ഭാരവാഹികൾ HM ,Deputy HM ,BPO , trainers തുടങ്ങിയവർ സംസാരിച്ചു. പത്താം തരത്തിൽ പഠിക്കുന്ന ഇരുപത് കുട്ടികൾ പരിപാടിയിൽ അംഗങ്ങളായിരുന്നു . എട്ട് ദിവസം തുടർച്ചയായി നടന്ന പരിപാടിയിൽ specialist അധ്യാപകർ , റിസോഴ്സ് ടീച്ചർ, മറ്റ് അധ്യാപകർ തുടങ്ങിയവർ കുട്ടികളെ പരിശീലിപ്പിച്ചു. കളികൾ, പാട്ടുകൾ,ദൃശ്യ മാധ്യമങ്ങൾ, പഠനയാത്ര തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ഭാഷാജ്ഞാനം വർധിപ്പിക്കാനും സഹായിച്ചു.

***എട്ടാം ദിവസം കുട്ടികളുടെ രക്ഷിതാക്കളുടെ യോഗത്തിൽ പ്രസ്തുത പരിപാടിയെക്കുറിച്ച് വിശദീകരിക്കുകയും പ്രീടെസ്റ്റ്, പോസ്റ്റ് ടെസ്റ്റ് പേപ്പറുകൾവിശകലനം ചെയ്ത് കുട്ടികളുടെ മാറ്റം രക്ഷിതാക്കളെ ബോധ്യപെടുത്തി . ഈ പദ്ധതിയുടെ തുടർ പ്രവർത്തനം രക്ഷിതാക്കളും , കുട്ടികളും , അദ്ധ്യാപകരും ചേർന്ന് നടത്തുന്നതിന് തീരുമാനം എടുത്തു .***

# മലയാളത്തിളക്കം



# സ്ത്രീ ശാക്തീകരണം......




## ജില്ല പഞ്ചായത്ത് മെമ്പർ ശ്രീമതി രജനി ഉദ്ഘാടനം ചെയ്യുന്നു

# എസ്.പി. സി. ക്യാമ്പിലെ ഒരു ദിവസം

ക്രിസ്തുമസ് പരീക്ഷക്കുശേഷം ഞങ്ങളേവരേയും ആകർഷിച്ചായിരുന്നു ക്യാമ്പിന്റെ തുടക്കം.വർണ്ണാഭമായ ഉദ്ഘാടനത്തിനു മുമ്പേ 21/12/2018 ന് വിദ്യ ടീച്ചർ വന്ന് 'മാനസിക ആരോഗ്യം' എന്നതിനെ കുറിച്ചും അതിന്റെ പ്രശ്നങ്ങളെ കുറിച്ചും പറഞ്ഞു തന്നു.അതിലൂടെ കുറെ പുതിയ അറിവുകൾ ലഭിച്ചു.

കാക്കി ധരിച്ചെത്തിയ ഞങ്ങളുടെ എസ്.പി.സി പടയുടെ ഈ വർഷത്തെ രണ്ടാമത്തെ ക്യാമ്പിന്റ ഉദ്ഘാടനം നിർവഹിച്ചത് മങ്കര പോലീസ് സ്റ്റേഷൻ എ.എസ്.ഐ .ശ്രീ വേണുഗോപാൽ സാറായിരുന്നു.22/12/2018 നടന്ന ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങിന്റെ അധ്യക്ഷസ്ഥാനം വഹിച്ചത് ബഹുമാനപ്പെട്ട പി.ടി.എ പ്രസിഡന്റ് സുരേഷ് സാറാണ്.സ്വാഗതം ആശംസിച്ചത് ജൂനിയർ എസ്.പി.സി അംഗം ഹബീബാണ് .ഉദ്ഘാടന ശേഷം ഞങ്ങൾക്ക് വളരെ രസകരമായി ക്ലാസ്സെടുത്തത് വേലായുധൻ സാർ, ഹാരിസ്

സാർ,വിപിൻ സാർ എന്നിവരാണ്.ഉദ്ഘാടന സഭ നടന്നത് കോളേജ് ഹാളിൽ വെച്ചായിരുന്നു.വേലായുധൻ സാറിന്റെ ട്രാഫിക്ക് ബോധവത്കരണത്തെ കുറിച്ചുള്ള ക്ലാസ്സിൽ റോഡ് മുറിച്ച് കടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും, ....നിരത്തിലിറങ്ങുന്ന വാഹനങ്ങളുടെ വ്യത്യാസങ്ങളും... ...എല്ലാം രസകരമായും വിശദമായും വ്യക്തമാക്കി. അശ്രദ്ധ മൂലമുണ്ടാകുന്ന റോഡ് അപകടങ്ങളെക്കുറിച്ചുള്ള വീഡിയോകൾ പ്രോജക്റ്റർ സ്ക്രീനിൽ വിപിൻ സാർ കാണിച്ചുതന്നു.

ഉച്ചഭക്ഷണത്തിൻെറ ഇടവേളയ്ക്ക് ശേഷം പ്രകൃതി ക്ഷോഭത്താലുണ്ടാവുന്ന ദുരന്തങ്ങളെക്കുറിച്ച് വീഡിയോ സഹിതം ഞങ്ങളുടെ സ്കൂൾ അധ്യാപകൻ കൂടിയായ വിജയകൃഷ്ണൻ സാറ് വിശദികരിച്ചു .വളരെ രസകരമായിരുന്നു സാറിൻെറ ക്ലാസ്.അതിനുശേഷം ഞങ്ങളുടെ എസ്.പി.സി വിദ്യാർത്ഥികളുടെ ക്രിസ്തുമസ് ആഘോഷമായിരുന്നു. ഞങ്ങൾക്ക് പ്രിയപ്പെട്ട സുനിൽ സാറും ,ഗീത മാധവും കേക്കു മുറിച്ചാണ് ഞങ്ങളോടൊപ്പം ആഘോഷത്തിൽ പങ്കുചേർന്നത്. കുറച്ചു നേരത്തെ പരേഡിനുശേഷം ഏവരും പിരിഞ്ഞു.....നന്ദന ദാസ്

9 H

# സാമൂഹിക പ്രതിബദ്ധതയുടെ പാഠങ്ങൾ










I can be too critical of myself
I feel I could have done more

എൻെറ പ്രണയം

ഹൃദയം കൊണ്ട് സ്നേഹിച്ചവർക്കു മാത്രമേ ഹൃദയവും വിരഹവും തിരിച്ചറിയൂ... എന്നതു പോലെയാണ് അധ്യാപനം എനിക്ക്.

***ഒരുപാട് നൊമ്പരങ്ങളെ ഉള്ളിൽ ഒതുക്കി ഒരു നിർവചനത്തിനും പിടിതരാതെ .......................***

ആരാണ് ഞാൻ ?....കഴിവുകൾ , കുറവുകൾ , ലക്ഷ്യങ്ങൾ , വിശ്വാസങ്ങൾ ... അർത്ഥമില്ലാത്ത വാക്കുകൾ... എൻെറ സങ്കടങ്ങളിൽ... മധുരവാക്കുകൾ മൊഴിഞ്ഞവർ ആരെല്ലാം ? വേദനിപ്പിച്ചവർ.... ഓർമ്മകളുടെ മണിച്ചെപ്പിൽ.... പോരാട്ടങ്ങളുടെയും തന്മയത്വങ്ങളുടെയും ഒരു പടി കയറ്റം.... കണ്ണുനീർ..... കണ്ണുനീർ..... ലക്ഷ്യത്തിലേക്കുള്ള പാലായനത്തിൽ ബാധിച്ചതേയില്ല.....

അധ്യാപനം....1989 ജൂലൈ 27 മുതൽ..... പല പല സ്കൂളുകളിൽ..... ഓർമകളിൽ ഒരുപാട് പ്രിയ ശിഷ്യരോടൊപ്പം ഇന്നും ..... പി എസ് സി 1997 september 26 മുതൽ ........2019 ജനുവരി 18 ആയപ്പോഴേക്കും 7785 ദിനങ്ങൾ എന്നെ തലോടി കടന്നു പോയി.... ഒരു മൂന്നര വയസ്സുകാരിയുടെ ഭാവത്തിൽ , താളത്തിൽ , സന്തോഷത്തിൽ.......

അവഗണനന, ആക്ഷേപങ്ങൾ .... അവിടെയെല്ലാം കരുത്ത്

പകർന്ന് കൂടെ എൻെറ ശിഷ്യരും പ്രിയ രക്ഷിതാക്കളും ,
അവരോടൊപ്പം ഞാനും... .ലോകത്തിൻെറ തന്നെ വിവിധ
കോണകളിൽ തൻേറതായ വ്യക്തിമുദ്ര പതിപ്പിക്കുന്ന മഹത്
വ്യക്തികളായ പല അരുമ ശിഷ്യരും, യാദൃശ്ചികമായും ,
ഫോൺവിളികളിലൂടെയും ബന്ധപ്പെടുമ്പോൾ...
അനിർവചനീയമായ അനുഭൂതിയുളവാക്കുന്നു...ഓരോ
അനുഭവങ്ങളും തിരിച്ചറിവിലേക്ക് വഴിതെളിയിച്ചു . അത്
പുത്തൻ കരുത്ത് നൽകാൻ സഹായിച്ചു . എന്നെ ഞാനാക്കാൻ ,
എന്നിലെ പൊട്ടൻഷ്യൽ
*ഉയർത്താൻ എന്നെ സഹായിച്ച എൻെറ പ്രിയ സുഹൃത്ത് ബിന്ദു ടീച്ചറെ ഒരിക്കലും മറക്കാൻ കഴിയില്ല .SPC യിലൂടെ ഒരുപാട് ഉന്നതവ്യക്തികളെ പരിചയപെടാനും സാധിച്ചു ....*
ഒരുപാട് നന്മ നിറഞ്ഞ സുഹൃത്തുക്കൾ . എന്തിനും ഏതിനും
സഹായിക്കാനായി പ്രിയപ്പെട്ട മക്കൾ (വിദ്യാർത്ഥികൾ )
അദ്ധ്യാപക സുഹൃത്തുക്കൾ, നാട്ടുകാർ ....
ഞാനൊരു മഹാ സംഭവമാണ്.....ആണോ?......അല്ല.....
വട്ടപ്പൂജ്യമാണ്...... വെറും വട്ടപ്പൂജ്യം.....
*എവിടെയും തളരാതെ.... തളർത്താതെ......എന്നെ ഞാനാക്കി മാറ്റിയ എൻെറ പ്രിയപെട്ട അമ്മയ്ക്ക് ഒത്തിരി സ്നേഹത്തോടെ അർപ്പിക്കുന്ന ....പ്രണാമം......പ്രണാമം.........പ്രണാമം....*

*എം വി പുഷ്പലത*

*അദ്ധ്യാപിക*

# ഗൂഗിൾ

അമേരിക്കയിലെ സ്റ്റാൻഫഡ് യൂണിവേഴ്സിറ്റിയിൽ പി. എച്ച്. ഡി വിദ്യാർഥികളായിരുന്ന ലാറി പേജും സെർജി ബ്രിന്നും 1995 - ലാണ് ഗൂഗിൾ എന്ന സെർച്ച് എൻജിന് രൂപം നൽകിയത്. 2000- ത്തോടെ ആദ്യമായി 10 ഭാഷകളിൽ ഗൂഗിൾ ലഭ്യമായി. 2000, ജൂലൈ 14 ന് ആദ്യത്തെ അന്താരാഷ്ട്ര ഗൂഗിൾ ഡൂഡിൽ പുറത്തുവന്നു. 2001-ൽ ഗൂഗിൾ ഇമേജസ് ആരംഭിച്ചു.2004-ൽ ജി-മെയിൽ എന്ന ഇലക് ട്രോണിക് മെയിലിങ് സംവിധാനം നിലവിൽവന്നു.

നമ്മൾ നൽകുന്ന കീവേഡുകൾ ഉപയോഗിച്ച് ഇന്റർനെറ്റിൽ തിരയാനുള്ള പ്രത്യേക സോഫ്റ്റ് വെയറുകളാണ് സെർച്ച് എൻജിനുകൾ. ഗൂഗിൾ, യാഹൂ, ബിങ്, ആസ്ക് തുടങ്ങി എണ്ണിയാലൊടുങ്ങാത്തത്രയും സെർച്ച് എൻജിനുകൾ ഇന്നുണ്ട്. എങ്കിലും ഇക്കൂട്ടത്തിൽ വമ്പൻ ഗൂഗിൾ തന്നെ.

വിവിധ വെബ്സൈറ്റുകളുടേയും മാർക്കറ്റിങ് കാംപയിനുകളുടേയും കാര്യശേഷി അളക്കുന്നതിനായി ഗൂഗിൾ ഒരുക്കിയ സൗകര്യമാണ് 2005-ൽ ആരംഭിച്ച "ഗൂഗിൾ അനലറ്റിക്സ്. ഗൂഗിൾ മാപ്പ്, ഗൂഗിൾ എർത്ത് എന്നിവ ഗൂഗിളിന്റെ പ്രധാന സൗകര്യങ്ങളാണ്. ഇവ രണ്ടും ഗൂഗിൾ പുറത്തിറക്കിയത് 2005-ലാണ്. ഓൺലൈൻ വീഡിയോ ഷെയറിങ് സൈറ്റുകളിൽ ഏറ്റവും പ്രചാരമുള്ള "You Tube" ഒരു ഗൂഗിൾ പ്രൊഡക്റ്റാണ് . 2006-ലാണ് ഗൂഗിൾ യൂ ട്യൂബ് ആരംഭിച്ചത്.

***വിശാഖ്,വി.ബി***

# വറ്റിവരളുന്ന നദികൾ

*നദികളുടെ മരണം ലോകത്തിന്റെ മുഴുവൻ സ്വസ്ഥത കെടുത്തുന്ന വിഷയമായിക്കഴിഞ്ഞു. ലോകത്തിലെ അഞ്ഞൂറിലേറെ വൻനദികളിൽ പകുതിയിലേറെയും വരളുകയാണെന്നാണ് ഐക്യരാഷ്ട്ര സംഘടനയുടെ മുന്നറിയിപ്പ്. നദികൾ സംസ്കാരങ്ങളുടെ ഈറ്റില്ലമാണ് . സിന്ധു, ഗംഗ, നൈൽ എന്നീ നദികൾ ഊട്ടിവളർത്തിയ സംസ്ക്കാരങ്ങൾ പ്രസിദ്ധമാണ്. കേരളീയ സംസ്കാരവും നദികളോട് വളരെയധികം കടപ്പെട്ടിരിക്കുന്നു.*

*സ്വാർത്ഥതയും അത്യാർത്തിയും മനുഷ്യനെ എത്രത്തോളം നീചപ്രവൃത്തിയിലെത്തിക്കാമെന്നതിന്റെ സാക്ഷ്യപത്രങ്ങളായി നമ്മുടെ പുഴകളും ജലാശയങ്ങളും മാറിയിരിക്കുന്നു. മത്സ്യബന്ധനം എത്രയോ ആളുകൾക്ക് ഉപജീവനമാർഗ്ഗമായിരുന്നു. മണലൂറ്റും കയ്യേറ്റവും മലിനീകരണവും കേരളത്തിലെ നദികളെ മരണാസന്നമാക്കിയിരിക്കുന്നു.* **ചാലിയാർപ്പുഴ അതിന്റെ തീരവാസികൾക്ക് കുടിവെള്ളവും ഫലഭൂയിഷ്ഠമായ മണ്ണും മത്സ്യസമ്പത്തും നൽകി സഹായിച്ചു. ഓരോ വർഷവും**

കരകവിഞ്ഞൊഴുകിയതുകൊണ്ട് കൃഷിയോഗ്യമായ കളിമണ്ണ് തീരപ്രദേശങ്ങളിൽ അടിഞ്ഞത് കൃഷിക്കാർക്ക് അനുഗ്രഹമായി.
അങ്ങനെയിരിക്കെയാണ് മാവൂരിൽ ഒരു ഫാക്ടറി വന്നത്. കുറെ പേർക്കെങ്കിലും ജോലി ലഭിക്കുമെന്നതിനാൽ തദ്ദേശ വാസികൾവേണ്ടസഹായംചെയ്തുകൊടുത്തു.
ഫാക്ടറിയിൽനിന്നുംമലിനജലംപുഴയിലേയ്ക്കൊഴുകാൻ തുടങ്ങിയതോടെ  മത്സ്യങ്ങൾ ചത്തൊടുങ്ങി.
തീരദേശവാസികൾ രോഗഗ്രസ്തരായി ഫാക്ടറിക്കെതിരെ  ജനകീയ സമരങ്ങൾ നടന്നു.
അവസാനം ഗ്വാളിയാർ  റയോൺസ് അടച്ചു പൂട്ടി.
അൻപത് ലക്ഷം പേർക്ക് ശുദ്ധജല സ്രോതസ്സ് കൂടിയായ പെരിയാറാകട്ടെ വ്യവസായ മാലിന്യങ്ങളുടെകുപ്പത്തൊട്ടിയായി മാറിക്കഴിഞ്ഞു. വൈദ്യുതിക്കും വെള്ളത്തിനും വേണ്ടി പതിനാല് അണക്കെട്ടുകളുള്ള പുഴയിൽ മണൽ വാരൽ സജീവമായപ്പോൾ പെരിയാറിലെ ഒഴുക്ക് പിന്നെയും കുറഞ്ഞു. ഒരു കാലത്ത് നിറഞ്ഞൊഴുകിയിരുന്ന ഭാരതപ്പുഴയുടെ കാര്യം നോക്കാം .മണൽവാരൽ സജീവമായ ഈ പുഴ ഇപ്പോഴൊരു പുഴയല്ലാതായി മാറികൊണ്ടിരിക്കുന്ന

**കാഴ്ചയാണ് നമുക്ക് നൽകുന്നത്. അവിടവിടയായി ചിതറിക്കിടക്കുന്ന ഒരു പറ്റം കുളങ്ങളുടെ സമാഹാരം മാത്രമായി ഭാരതപ്പുഴ...... ഒഴുകാത്ത നദി .........പ്രാണനില്ലാത്ത നദിയാണ്.**

*കേരളത്തിലെ മിക്ക നദികളും ജലാശയങ്ങളും പലതരത്തിലുള്ള ഭീഷണി നേരിടുകയാണ്.നദികളുടെ മേലുള്ള മനുഷ്യൻെറ കടന്നു കയറ്റത്തിന് കടിഞ്ഞാണിട്ടെ മതിയാകൂ. വരുന്ന തലമുറയ്ക്കായ് ഇനിയെങ്കിലും കേരളം ഒരുമിച്ച് കൈകോർക്കണം. ....*

***വിസ്മയ***

***9 I***



വെളിച്ചം




ജി വി എച്ച് എസ് എസ് പത്തിരിപ്പാല 73

# വിദ്യാർത്ഥി ജീവിതത്തിലെ

# ഒരു ഓർമ്മ

1974 മെയ് അവസാനത്തോടുകൂടി ഞാനും എൻെറ സഹോദരി പ്രസന്ന ഏടത്തിയും കൂടി ജി .വി .എച്ച്. എസ്. എസ്, ൽ എട്ടാം ക്ളാസിൽ ചേരാൻ വന്നു. ഓഫീസിൽ പോയപ്പോൾ ഇവിടുത്തെ അഡ്മിഷൻ കഴിഞ്ഞു ഇനി ചേരാൻ പറ്റില്ലെന്ന് അറിയിച്ചു. പിറ്റേ ദിവസം ഞാനും എൻെറ വല്ല്യമ്മാമയും കൂടിവന്നു. (അമ്മാവൻ മങ്കര വെസ്റ്റ് സ്കൂളിലെ എച്ച് എം ആയിരുന്നു) . മാഷേഇന്നലെഇവര്പറഞ്ഞില്ലല്ലോ,സാരമില്ല അവളെ ചേർക്കാം എന്ന് പറഞ്ഞു .അഡ്മിഷൻ കിട്ടി.

ജൂൺ 1 ന് ഒരു പ്ലാസ്റ്റിക് കുട്ടയും കുട്ടയുടെ മുകളിൽ ഒരു കുടയുമൊക്കെയായി ചേച്ചിമാരുടെ കൂടെ ഇവിടെ എത്തി. ഇന്നത്തെ വി.എച്ച്.എസ്.ഇ യിലെ ഒരു റൂമിലായിരുന്നു എട്ട് .എ , ഞാൻ ക്ലാസിലെത്തിയപ്പോൾ അന്തം വിട്ട് പോയി ..മൂന്ന് ബെഞ്ച് ,ഡസ്ക് .....രണ്ട് ബെഞ്ചും ഡസ്കും ആൺകുട്ടികൾ കൈയടക്കി. ...ഒരു

ബെഞ്ചും ഡസ്കും പെൺകുട്ടികൾക്ക് . പിന്നെ വന്ന ഞങ്ങൾക്കൊക്കെ കിട്ടിയത് ജനൽ പലകകൾ .ഉയരം കുറഞ്ഞ ഞങ്ങൾ പലക പുറത്ത് അന്തം വിട്ട് വൈകുന്നേരം വരെ ഇരിക്കുക പതിവായി. കുറച്ച് കഴിഞ്ഞപ്പോൾ ഞങ്ങളുടെ കൂട്ടത്തിലെ ഗീത ഒരു ഐഡിയ പറഞ്ഞു.കളിക്കാൻ താൽപര്യമുള്ളവർക്ക് ചുമരിനോട് ചേർന്ന പലകയിലിരിക്കാം . സന്തോഷത്തോടെ ഞാൻ പിന്നിലേക്ക് പോകാൻ തയാറായി . അങ്ങനെ ഞങ്ങൾ ഈ തല മുതൽ ആ തല വരെ ഉള്ള പുറകിലെ പലകയിൽ ഇരിക്കുന്നവർക്കുള്ള പുളിങ്കുരു ഗീത കൊണ്ടു വന്നു. ഒരു മടിയും കൂടാതെ ഞങ്ങൾ പിന്നിലിരുന്ന് പുളിങ്കുരു ചൂണ്ടി...ഉയരമില്ലാത്ത ഞങ്ങൾക്ക് മുന്നിലിരിക്കുന്നവരും ബെഞ്ചിലിരിക്കുന്നവരും മറയായി. ...മൂന്നാല് ദിവസം അങ്ങനെ പോയി . ഒരു ദിവസം ഇംഗ്ലീഷ് ടീച്ചർ ഇത് കണ്ടുപിടിച്ചു. ഗീത പറഞ്ഞു ഞങ്ങൾക്ക് ആരെയും കാണുന്നില്ല അതുകൊണ്ടാണ് കളിക്കുന്നത് . ടീച്ചർ ചിരിയടക്കി ദേഷ്യപ്പെട്ടു. പക്ഷെ ടീച്ചർ ഇത് വളരെ കൗതുകമുള്ള കാര്യമായി സ്റ്റാഫ് റൂമിൽ ചെന്ന് പറഞ്ഞു. പത്താം തരത്തിൽ എൻെറ അമ്മാവൻെറ മകൾ പഠിക്കുന്ന ക്ലാസിൽ ടീച്ചർ സാമൂഹ്യ

ശാസ്ത്രം പഠിപ്പിക്കുന്നുണ്ട്.

ടീച്ചർക്ക് ഏറ്റവും പ്രിയപ്പെട്ട ക്ലാസ് ആണ് 8-a യെന്ന് അവിടെ ചെന്ന് പറഞ്ഞു. ഒമ്പതാം  ക്ലാസിലും പത്താം ക്ലാസിലും ഇതേ അധ്യാപിക  ഞങ്ങളുടെ ക്ലാസ്സ് ചാർജ് ചോദിച്ച് വാങ്ങി. ഒമ്പതാംക്ലാസിൽ എത്തിയപ്പോൾ ഇന്നത്തെ ആർ.സി ബിൽഡിംഗിലെ മൂന്നാമത്തെ ക്ലാസായിരുന്നു. എനിക്കത് പലകപ്പുറത്തുനിന്നും രക്ഷപ്പെട്ട് ഹൈടെക്കിലെത്തിയപോലെയായിരുന്നു. പിന്നീട് പലപ്പോഴുംഎനിക്ക് ടീച്ചറെ കാണണം എന്നുണ്ടായിരുന്നെങ്കിലും സാധിച്ചില്ല.

കെ രാധ
അധ്യാപിക



# ഉൾച്ചേരൽ വിദ്യാഭ്യാസം



## സ്പീച്ച് തെറാപ്പി



## ഫിസിയോ തെറാപ്പി





## ഗൃഹ സന്ദർശനം



# ഞങ്ങളും പിന്നിലല്ല....................


പത്തിരിപ്പാല ഗവ. വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന ഭിന്നശേഷി ദിനാ
ണ ചടങ്ങിൽ ഫാൻസി ഡ്രസ്സിൽ ഒന്നാം സമ്മാനം നേടിയ ഗൗതം കൃഷ്ണയെ സ്കൂൾ പി.
അഭിനന്ദിക്കുന്നു

# പ്രകൃതിയോടൊപ്പം........പ്രകൃതിയെ അറിഞ്ഞ്......





## വിവര ശേഖരണം........

## ഔഷധസസ്യ പ്രദർശനം



## കരുതാം ...... സംരക്ഷിക്കാം പ്രകൃതിയെ.....



## കലാ കായിക പ്രതിഭകൾക്ക് അനുമോദനങ്ങൾ.......



**കായിക രംഗത്ത് സുവർണ്ണ നേട്ടങ്ങളുമായി ദേശീയ താരം തൗഫീറ.സി.പി**

**(വടംവലിദേശീയചാമ്പ്യൻ,ഡിസ്കസ്ത്രോ**

**സംസ്ഥാന,ദേശീയ ചാമ്പ്യൻ,**

**സംസ്ഥാന തല ഷോട്പുട്ട് രണ്ടാം സ്ഥാനം)**

## സംസ്ഥാന സ്കൂൾ കലോത്സവത്തിലെ വിജയികൾ....



സ്നേഹകെ ഉണ്ണി.(ഹിന്ദി പദ്യം ചൊല്ലൽ A Grade)

ശ്രീരാഗ് കെ ഉണ്ണി

(ഹിന്ദി പ്രസംഗംA Grade)

ധനഞ്ജയ് കൃഷ്ണൻ(കഥകളി,ഓട്ടൻ തുള്ളൽ,സംസ്കൃതം പദ്യം ചൊല്ലൽA Grade)

*ധനഞ്ജയ് കൃഷ്ണൻ*



# വായനയുടെ ലോകത്തേക്ക്.......അമ്മമാരും....







## പ്രിയപ്പെട്ടസംഗീതടീച്ചറുടെയും
## കൃഷ്ണകുമാർ സാറിന്റെയും
## അബ്ദുൾറഹ്മാന്റെയും
## ഹംസക്കയുടെയും
## ഓർമകൾക്കു മുന്നിൽ
## ഒരു പിടി
## കണ്ണീർ പൂക്കൾ അർപ്പിക്കുന്നു



# പറയാൻ മറന്നത്......

## നന്ദി........തളരുമ്പോൾ

## കരുത്തേകിയ എല്ലാ കരങ്ങൾക്കും... മനസ്സ് കൊണ്ട് കൂടെ നിന്ന സഹൃദയർക്കും..........


ജി.വി.എച്ച് എസ്.എസ് പത്തിരിപ്പാല



TEAM LITTLE KITES WITH OUR GUIDING LIGHTS...............HM RAJINY TEACHER ..... SOBHA TEACHER....& MEERA TEACHER